തെങ്ങിൻതൈ നട്ടു പിടിപ്പിക്കുന്നതിന് സബ്സിഡി

* 309. [368] ശ്രീ. ടി. വി. വിജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിൻതൈ നട്ടുപിടിപ്പിക്കുന്നതിന് സബ്സിഡിയായി ഈ വർഷം തുക വല്ലതും അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) 60.89 ലക്ഷം രൂപ.

വനിതാ പോലീസ് സ്റ്റേഷനുകൾ

* 310. [369] ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനിതാ പോലീസ് സ്റ്റേഷനുകളിൽ പരമാവധി എത്ര വനിതാ പോലീസുകാർ ഉണ്ടായിരിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ;

(സി) ഇതിലും കുറവ് അംഗങ്ങൾ പ്രവർത്തിക്കുന്ന വനിതാ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഇ) തിരുവനന്തപുരം വനിതാ പോലീസ് സ്റ്റേഷനിൽ എത്ര വനിതാ പോലീസുകാരുണ്ട് ;

(എഫ്) പ്രതികളായി പിടിച്ചുകൊണ്ടുവരുന്നവരെ പാർപ്പിക്കുന്നതിന് വനിതാ പോലീസ് സ്റ്റേഷനുകളിൽ വല്ല സംവിധാനവുമുണ്ടോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ഉണ്ട്.

(ബി) വനിതാ ഇൻസ്പെക്ടർ 1
വനിതാ ഹെഡ്കോൺസ്റ്റബിൾ 2
വനിതാ പോലീസ് കോൺസ്റ്റബിൾ 10

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം വനിതാ പോലീസ് സ്റ്റേഷൻ.

(ഇ) ഏഴ്.

(എഫ്) ഇപ്പോൾ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly